# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 1613

**04-12-2015 ൽ മറുപടിയ്ക്ക്**

## നെൽകൃഷി പ്രോത്സാഹനം

**ചോദ്യം**
ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ

**മറുപടി**
**ശ്രീ. കെ.പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി.)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വ്യാപിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്; ഇതിനായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിരുന്നത്:<br>• സംസ്ഥാന ഭക്ഷ്യ സുരക്ഷാ പദ്ധതി.<br>• മാക്രോമാനേജ്മെന്റ് പ്രകാരമുള്ള നെൽകൃഷി വികസന പദ്ധതി.<br>• രാഷ്ട്രീയ കൃഷി വികാസ് യോജന.<br>• രജിസ്റ്റേർഡ് വിത്തുൽപ്പാദന പദ്ധതി.<br>• നെല്ലു സംഭരണം.<br>• ചെറുകിട യന്ത്രവൽക്കരണത്തിനുള്ള പദ്ധതി.<br>• നെൽകൃഷിക്കുള്ള ഉൽപ്പാദന ബോണസ്.<br>• കാർഷിക വൈദ്യുതി സൗജന്യ പദ്ധതി, ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി.<br>• കരനെൽകൃഷി.<br>• വനിതാ ഗ്രൂപ്പുകൾക്കുള്ള തരിശു നില കൃഷി.<br>• പൊതു ഞാറ്റടി വടക്കാഞ്ചേരി മോഡൽ.<br>• സുഗന്ധ നെല്ലിന വികസന പദ്ധതി.<br>• കാർഷിക യന്ത്രവൽക്കരണം<br>• സുസ്ഥിര നെൽകൃഷി വികസന പദ്ധതി. |

| | | | |
|---|---|---|---|
| | | | • തരിശു നില കൃഷി, നെൽകൃഷിയ്ക്കു ശേഷമുള്ള മറ്റു കൃഷികളിലൂടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.<br>• മാക്രോമാനേജ്മെന്റ് പദ്ധതി പ്രകാരം ഒറ്റ ഞാർ കൃഷി ഡെമോൺസ്ട്രേഷൻ.<br>• ഉൽപ്പാദന ഉപാധികളായ വിത്ത്, കുമ്മായം, മൈക്രോ ന്യൂട്രിയന്റ് ഫെർട്ടിലൈസർ, സസ്യസംരക്ഷണ ഉപാധികൾ എന്നിവയുടെ വിതരണം .<br>• നൂതന നെല്ലിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള മിനികിറ്റ് വിതരണവും കർഷകരുടെ കൃഷി വിജ്ഞാനം വർദ്ധിപ്പിക്കുന്ന തിനുള്ള ഫാം ഫീൽഡ് സ്കൂളുകളും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിച്ച് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ.<br>• കർഷകർക്ക് പൂരക വരുമാന സ്രോതസ്സുകൾ പ്രോത്സാഹിപ്പിക്കുവാൻ സഹായം നൽകുന്ന പദ്ധതി.<br>• നെൽകൃഷി അഭിമുഖീകരിയ്ക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി നെൽകൃഷി വികസന ഏജൻസികൾക്ക് ഉള്ള ധനസഹായം. –<br>• ആർ. കെ. വി.വൈ. പൊക്കാളി നെൽ കൃഷി വികസനം,<br>• പ്രത്യക നെല്ലിനങ്ങൾക്കുള്ള കൃഷി വികസനം.<br>• പാടശേഖര സമിതികൾക്കുള്ള പ്രവർത്തനസഹായവും അടിസ്ഥാന സൗകര്യ വികസനവും കൂടാതെ 2015-16-ൽ താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>• സുസ്ഥിര നെൽകൃഷി വികസനം നെൽകൃഷി കൂടുതൽ ലാഭകരമാക്കു ന്നതിനും ഉല്പാദന ചെലവ് |

| | | | |
|---|---|---|---|
| | | | ഗണ്യമായി കുറയ്ക്കുന്നതിനുമായി 2015- 2016 വർഷം 2700 ലക്ഷം രൂപ സംസ്ഥാന ബഡ്ജറ്റിലും 8100 ലക്ഷം രൂപ ആർ.കെ.വി.വൈ. ഫണ്ടിലും ഉൾപ്പെടുത്തി ആകെ 10800 ലക്ഷം രൂപ സബ്സിഡി നൽകി 180000 ഹെക്ടറിൽ (ഒരു ഹെക്ടറിന് 6000/- രൂപ സബ്സിഡിനിരക്കിൽ) പദ്ധതി നടപ്പിലാക്കി വരുന്നു.<br>• <u>വികസന ഏജൻസികൾക്കുള്ള ഫണ്ട്</u><br>നെൽ കൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി 11 നെൽ കൃഷി വികസന ഏജൻസികൾക്ക് ആകെ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കിവരുന്നു.<br>• <u>പ്രത്യേക നെല്ലിനങ്ങളുടെ കൃഷിയ്ക്കുള്ള പ്രോത്സാഹനം</u><br>ആകെ 6 ജില്ലകളിലായി പൊക്കാളി, ഞവര, ബസ്മതി, ജീരകശാല, ഗന്ധകശാല, എന്നിവ കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 10,000/- രൂപ സബ്സിഡി നല്കി 1000 ഹെക്ടർ സ്ഥലത്ത് 100 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കി വരുന്നു.<br>• <u>പാടശേഖര സമിതികൾക്കുള്ള പ്രവർത്തന സഹായം.</u><br>ഗ്രൂപ്പ് ഫാമിംങ് പാടശേഖരങ്ങളുടെ പ്രവർത്തനചെലവിനായി ഹെക്ടറിന് 200/-രൂപ നിരക്കിൽ നല്കി വരുന്നുണ്ട്. ഈ ഇനത്തിൽ 332 ലക്ഷം രൂപവകയിരുത്തിയിട്ടുണ്ട്.<br>• തരിശുനില നെൽ കൃഷി വികസനം (ആർ.കെ.വി.വൈ.)<br>തരിശുനില നെൽ കൃഷി നടപ്പിലാക്കുന്നതിനായി 2000 ഹെക്ടർ സ്ഥലത്തേയ്ക്ക് ഹെക്ടറിന് 7500/- രൂപ സബ്സിഡി നിരക്കിൽ 150 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| | | | • ആർ.കെ.വി.വൈ. പൊക്കാളി നെൽ കൃഷി വികസന പദ്ധതി. 89.248 ഹെക്ടർ പൊക്കാളി നെൽ കൃഷി, ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കുന്നതിനായി 8.9248 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു.<br>• നെൽ കർഷകർക്ക് ഹെക്ടറിന് 1000 രൂപ തോതിൽ ഉല്പാദന ബോണസ് നൽകുന്നതിനായി 1243.44 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഫലമായി നെല്ലുൽപ്പാദനത്തിൽ വർദ്ധനയുണ്ടായിട്ടുണ്ടോ; നെല്ലുൽപ്പാദനത്തിന്റെ 2010 മുതൽ 2015 വരെയുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ നൽകുമോ? | (ബി) | ഉണ്ട്. 2010 -2011 ഉല്പാദനം 522738 മെ. ടൺ ആയിരുന്നത് 2011-2012 ൽ 568990 മെ.ടൺ ആയി വർദ്ധിക്കുകയുണ്ടായി. 2012-2013 ൽ ഉല്പാദനം 508299 മെ. ടൺ ആയിരുന്നത് 2013 – 2014 ൽ 564325 മെ.ടൺ ആയി വർദ്ധിക്കുകയുണ്ടായി ആയതിനാൽ 2013-2014 വർഷം മുൻ വർഷത്തേക്കാൾ 56026 മെ.ടൺ നെല്ല് അധികമായി ഉല്പാദിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

ജില്ല തിരിച്ചുള്ള നെല്ലിന്റെ ഉൽപ്പാദനം 2009-2010 മുതൽ 2013-2014 വരെ (ടൺ)

| | ജില്ല | 2009-2010 | 2010-2011 | 2011-2012 | 2012-2013 | 2013-2014 | 2014-2015 |
|---|---|---|---|---|---|---|---|
| 1. | തിരുവനന്തപുരം | 7564 | 6923 | 6139 | 4096 | 5326 | 5561 |
| 2. | കൊല്ലം | 7947 | 7155 | 4768 | 2928 | 3234 | 3150 |
| 3. | പത്തനംതിട്ട | 7738 | 6628 | 8989 | 6041 | 7554 | 7573 |
| 4. | ആലപ്പുഴ | 97976 | 91325 | 111979 | 104593 | 106866 | 103095 |
| 5. | കോട്ടയം | 39413 | 40970 | 63578 | 51019 | 50729 | 49393 |
| 6. | ഇടുക്കി | 6137 | 4744 | 3134 | 3183 | 1796 | 1803 |
| 7. | എറണാകുളം | 21024 | 17823 | 16573 | 8533 | 9056 | 9974 |
| 8. | തൃശ്ശൂർ | 63854 | 53079 | 62318 | 67569 | 66653 | 76016 |
| 9. | പാലക്കാട് | 266231 | 218155 | 224410 | 189229 | 238065 | 236396 |
| 10. | മലപ്പുറം | 19893 | 21069 | 18577 | 15377 | 19709 | 22279 |
| 11. | കോഴിക്കോട് | 4302 | 3814 | 4274 | 5326 | 3850 | 3423 |
| 12. | വയനാട് | 3357 | 27911 | 23526 | 28052 | 30755 | 26168 |
| 13. | കണ്ണൂർ | 13343 | 13308 | 12170 | 14237 | 11293 | 11164 |
| 14. | കാസർഗോഡ് | 9260 | 9834 | 8555 | 8116 | 9439 | 6095 |
| 15. | ആകെ | 598339 | 522738 | 568990 | 508299 | 564325 | 562090 |

സെക്ഷൻ ഓഫീസർ